നടപടികൾക്കായി അയച്ചുകൊടുക്കുകയും ആയതിന്മേൽ 23-5-2014-ൽ കേന്ദ്രഗവൺമെന്റ് തെളിവുരേഖകളുടെ അഭാവത്തിൽ നിരസിത ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ആയത് അപേക്ഷകന്റെ മേൽവിലാസത്തിൽ അയച്ചുകൊടുത്തിട്ടുള്ളതും എന്നാൽ കൈപ്പറ്റിയിട്ടില്ലാത്തതുമാകുന്നു.

(സി) ചോദ്യത്തിൽ ഉന്നയിച്ചിട്ടുള്ള വിധിന്യായം കേരള പെൻഷൻ സംബന്ധിച്ചുള്ളതാണ്. ഈ വിധിന്യായം നടപ്പാക്കിയിട്ടുണ്ട്. കേരള സ്വാതന്ത്ര്യ സമരസേനാനി പെൻഷൻ നിലവിൽ ശ്രീ. പി. കെ. ദാസന് ലഭിച്ചുവരുന്നു.

(ഡി) സ്വതന്ത്രതാ സൈനിക് സമ്മാൻ പെൻഷൻ ലഭിക്കുന്നതിനുവേണ്ടി ശ്രീ പി. കെ. ദാസൻ ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ 4643/2008 ന്റെ വിധിന്യായം അനുസരിച്ച് അദ്ദേഹം സമർപ്പിച്ച അപേക്ഷയിന്മേലുള്ള അപാകതകൾ പരിഹരിക്കാൻ ആവശ്യപ്പെട്ടെങ്കിലും നിശ്ചിത സമയപരിധിക്കുള്ളിൽ അപാകതകൾ പരിഹരിക്കാൻ സാധിച്ചില്ല. ആയതിനാൽ കോടതിവിധി നടപ്പാക്കുന്നതിന്റെ ഭാഗമായി ടിയാന്റെ അപേക്ഷ കേന്ദ്രഗവൺമെന്റിലേക്ക് അനന്തര നടപടികൾക്കായി അയച്ചുകൊടുക്കുകയും ആയതിന്മേൽ 23-5-2014-ൽ കേന്ദ്രഗവൺമെന്റ് തെളിവുരേഖകളുടെ അഭാവത്തിൽ നിരസിത ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ആയത് ടിയാളുടെ മേൽവിലാസത്തിൽ അയച്ചുകൊടുത്തെങ്കിലും കൈപ്പറ്റിയിട്ടില്ല.

(ഇ) സ്വാതന്ത്ര്യസമര സേനാനി പെൻഷൻ ലഭിക്കുന്നതിന് സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നുണ്ട്. കേന്ദ്ര സ്വാതന്ത്ര്യ സമര സേനാനി പെൻഷൻ അപേക്ഷകളിന്മേൽ അന്തിമ തീരുമാനം സ്വീകരിക്കുന്നത് കേന്ദ്രസർക്കാരാണ്.

സ്വാതന്ത്ര്യസമര സേനാനികളുടെ ക്ഷേമം

31 (1895) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജീവിച്ചിരിക്കുന്ന സ്വാതന്ത്ര്യ സമര സേനാനികളുടെ ക്ഷേമവും അവർ അനുഭവിക്കുന്ന വിവിധ പ്രശ്നങ്ങളും പരിഗണനയിലുണ്ടോ ;

(ബി) ഇവരിൽ കഷ്ടത അനുഭവിക്കുന്നവരെ സഹായിക്കുന്നതിനായി അർഹതയുള്ള ആശ്രിതർക്ക് സർക്കാർ ജോലി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(സി) ഇവരുടെ പെൻഷൻ കാലാനുസൃതമായി വർദ്ധിപ്പിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പരിഗണനയിലുണ്ട്.

(ബി) സ്വാതന്ത്ര്യസമര സേനാനികളുടെ ആശ്രിതർക്ക് സർക്കാർ ജോലി ലഭ്യമാക്കുന്നതിന് നിലവിലുള്ള നിയമം അനുശാസിക്കുന്നില്ല.

(സി) നിലവിൽ 6125 രൂപ അടിസ്ഥാന പെൻഷനും അതിന്റെ 60% ക്ഷാമബത്തയും (3675 രൂപ) സഹിതം 9800 രൂപ കേരള സ്വാതന്ത്ര്യസമര സേനാനി പെൻഷനായി അനുവദിക്കുന്നുണ്ട്. പെൻഷൻ വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

ജനസമ്പർക്ക പരിപാടി

32 (1896) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് ജനസമ്പർക്ക പരിപാടിയിലൂടെ ലഭിച്ച പരാതികൾ എത്ര ; നാളിതുവരെ തീർപ്പാക്കിയ പരാതികൾ എത്ര; ജില്ലയും വകുപ്പും തിരിച്ചുള്ള വിശദവിവരം ലഭ്യമാക്കുമോ ?

ഉത്തരം

ജനസമ്പർക്ക പരിപാടിയിലൂടെ ലഭിച്ച പരാതികളുടെയും തീർപ്പാക്കിയ പരാതികളുടെയും ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.* വകുപ്പ് തിരിച്ചുള്ള കണക്ക് ശേഖരിച്ചിട്ടില്ല.

മുഖ്യമന്ത്രി നേരിട്ട് നിയന്ത്രിക്കുന്ന വകുപ്പുകളുമായി ബന്ധപ്പെട്ട ബഡ്ജറ്റ് നിർദ്ദേശങ്ങൾ

33 (1897) ഡോ. ടി. എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2012-13, 2013-14, 2014-15 എന്നീ സാമ്പത്തികവർഷങ്ങളിൽ മുഖ്യമന്ത്രി നേരിട്ടു നിയന്ത്രിക്കുന്ന വകുപ്പുകളുമായി ബന്ധപ്പെട്ട ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ നടപ്പിലാക്കാൻ കഴിയാത്തവ ഏതെല്ലാമാണെന്നു വ്യക്തമാക്കുമോ ;

(ബി) പ്രസ്തുതവർഷങ്ങളിൽ ഓരോ വകുപ്പിനും വകയിരുത്തപ്പെട്ട തുക എത്രയായിരുന്നു ; ആയതിൽ ചെലവഴിച്ച തുകയെത്ര ; വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.